# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3083

20/12/2012 - ൽ
മറുപടിക്ക്

## മണ്ണെണ്ണ മറിച്ചു വിൽക്കൽ

ചോദ്യം

ശ്രീ. കെ.അജിത്

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്**
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ഇല്ലാത്ത എത്ര കാർഡ് ഉടമകൾക്ക് അധിക മണ്ണെണ്ണ നൽകുന്നുണ്ട്; വ്യക്തമാക്കുമോ;

(എ) 2012 നവംബർ മാസത്തെ കണക്കനുസരിച്ച് 7,42,989 കാർഡുകളാണ് വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്ക് 4 ലിറ്റർ വീതം മണ്ണെണ്ണ നല്കി വരുന്നു.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന സ്ഥലങ്ങളിൽ അധിക മണ്ണെണ്ണ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ യഥാക്രമം 53729, 36642 എൻഇ കാർഡുകൾ നിലവിലുണ്ട്. ടി ജില്ലകളിൽ അനുവദിച്ചതിലും അധികമായി മണ്ണെണ്ണ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത സ്ഥലങ്ങളിൽ മണ്ണെണ്ണ മറിച്ചു വിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടി സ്ഥലങ്ങളിൽ മണ്ണെണ്ണ മറിച്ചു വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിൽ വരുത്തിയതായി അവകാശപ്പെടുന്നുണ്ടെങ്കിലും,എൻ.ഇ. കാർഡുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരാത്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കുറച്ചുകൂടി കർശന പരിശോധന ആവശ്യമാണെന്നും, റേഷനിംഗ് ഇൻസ്പെക്ടർമാർ തങ്ങളുടെ ഫർക്കയിൽ വരുന്ന വീടുകൾ തോറും പരിശോധന നടത്തി വൈദ്യുതീകരിച്ച ഭവനങ്ങൾ എൻ.ഇ. കാർഡാണ് കൈവശം വച്ചിരിക്കുന്നതെങ്കിൽ അവ ഇ കാർഡുകളാക്കി മാറ്റുവാനും എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

| | |
|---|---|
| (ഡി) പ്രസ്തുത പ്രദേശങ്ങളിൽ ആരെ ങ്കിലും സർക്കാർ സഹായം ദുരുപ യോഗപ്പെടുത്തുന്നുണ്ടോ; വസ്തു തകൾ പരിശോധിക്കുമോ? | (ഡി) ടി സ്ഥലങ്ങളിൽ സർക്കാർ സഹായം ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധ യിൽപെട്ടിട്ടില്ല. അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ